**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം - ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ.പി. സാബുക്കുട്ടൻ നായർക്ക് മികച്ച സേവനത്തിനുള്ള സദ്സേവന രേഖ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ)നം. 206/2014/തസ്വഭവ തീയതി, തിരുവനന്തപുരം 23/01/2014

==========================================================================

പരാമർശം: 1. കേരള ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ, ആലപ്പുഴ ജില്ലാ കമ്മിറ്റി സമർപ്പിച്ച നിവേദനം.
2. പഞ്ചായത്ത് ഡയറക്ടറുടെ 27/12/2013-ലെ ഇ11-46481/13 നമ്പർ കത്ത്

## <u>ഉത്തരവ്</u>

ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി 01/04/2011 മുതൽ പ്രവർത്തിച്ചുവരുന്ന ശ്രീ. കെ. പി. സാബുക്കുട്ടൻ നായർ ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകളെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിനെയും പ്രവർത്തന മികവിലേയ്ക്ക് കൊണ്ടുവരുന്നതിന് ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് നേതൃപരമായ പങ്ക് വഹിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

i) പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും പ്രവർത്തന കലണ്ടറിനും അനുസൃതമായി പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി എന്നിവരുടെ യോഗങ്ങൾ വിളിച്ച് ചേർത്ത് കൃത്യമായി തുടർനിർദ്ദേശങ്ങൾ നൽകിയതിന്റെ ഫലമായി 2011-12 വർഷത്തിൽ 84.89% വും 2012-13 വർഷത്തിൽ 80.55% വും ചെലവഴിച്ച് ആലപ്പുഴ ജില്ല സംസ്ഥാനത്ത് പദ്ധതി നിർവ്വഹണത്തിൽ ഒന്നാം സ്ഥാനത്തെത്തി.

ii) പഞ്ചായത്തുകളുടെ പദ്ധതി ആസൂത്രണപ്രക്രിയകളിൽ തന്നെ ഇദംപ്രഥമമായി 2013-14-ൽ ജില്ലയിലെ 73 ഗ്രാമപഞ്ചായത്തുകളുടെയും പദ്ധതി രേഖകളുടെ അംഗീകാരം ആദ്യ ഡി.പി.സി.യിൽ തന്നെ ലഭ്യമാക്കുവാൻ കഴിഞ്ഞു. പഞ്ചായത്ത് സെക്രട്ടറിമാരെയും അവശ്യംവേണ്ട സമയങ്ങളിൽ പഞ്ചായത്ത് പ്രസിഡന്റുമാരെയും നേരിൽ ബന്ധപ്പെട്ട് പദ്ധതി അംഗീകാരം ലഭിക്കേണ്ട വിവിധ വകുപ്പികളിലേതുൾപ്പെടെയുള്ള വെറ്റിംഗ് ആഫീസർമാരുടെ ഏകോപനം സാദ്ധ്യമാക്കിയും ചെയ്തതുവഴി ജില്ലയ്ക്ക് മികച്ച പ്രകടനം കാഴ്ചവെക്കാൻ സാധിച്ചിട്ടുണ്ട്.

iii) ചിട്ടയായ ജോലി ചെയ്യുന്നതിന് അടിത്തറ സൃഷ്ടിച്ച് ജീവനക്കാരുടെ ജോലിക്രമത്തിൽ അഭിവൃദ്ധി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്ത് വകുപ്പിൽ തന്നെ ആദ്യമായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിന് ഐ.എസ്.ഒ. 90001:2008 അംഗീകാരം ലഭ്യമാക്കി.

iv) ജില്ലയിലെ 73 ഗ്രാമപഞ്ചായത്തുകളിലും 2013 ഡിസംബർ 2-ന് മുമ്പായി അർഹതപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ അനുവദിച്ച് നൽകുന്നതിന് പഞ്ചായത്തുകളെ പ്രാപ്തമാക്കുന്നതിലേയ്ക്ക് ചെയ്യേണ്ട പ്രവർത്തനങ്ങളുടെ ഒരു കലണ്ടർ തയ്യാറാക്കി കൃത്യമായ ഇടവേളകളിൽ പഞ്ചായത്ത് സാരഥികളുടെ യോഗങ്ങൾ വിളിച്ച് ചേർത്ത് തുടർ നിർദ്ദേശങ്ങൾ നൽകിയും ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകളിൽ മുഴുവൻ വീടുകളിലും സർവ്വേ നടത്തി കണ്ടെത്തിയ 50,519 ഗുണഭോക്താക്കൾക്കും വിവിധ പെൻഷൻ അനുവദിച്ച് നൽകുന്നതിനും അതുവഴി ആലപ്പുഴ ജില്ലയെ സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ്ണ പെൻഷൻ ജില്ലയായി മാറ്റുന്നതിനും സുപ്രധാനമായ പങ്ക് വഹിച്ചു. സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയതിന് ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പുരസ്കാരം പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ: എം. കെ. മുനീർ നൽകുകയുണ്ടായി.

v) 1970 മുതലുള്ള ജനന-മരണ വിവാഹരജിസ്ട്രേഷൻ രേഖകൾ 100% ഡേറ്റാ എൻട്രി നടത്തി ഓൺലൈൻ ആക്കി ആലപ്പുഴ ജില്ലയെ സംസ്ഥാനത്ത് 2-ാം സ്ഥാനത്ത് എത്തിച്ചു.

vi) ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീമിൽ ജില്ലയിലെ 100% ഗുണഭോക്താക്കളുടെയും വിവരം പൂർണ്ണമായി സേവന സോഫ്റ്റ് വെയറിൽ ലഭ്യമാക്കി ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്ന നിലയിൽ ശ്രീ. കെ. പി. സാബുക്കുട്ടൻ നായർ നടത്തിയ സ്തുത്യർഹമായ പ്രവർത്തനത്തിന് ടിയാന് ഗുഡ് സർവ്വീസ് എൻട്രി നൽകണമെന്ന് കേരള ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ പരാമർശം (1) പ്രകാരം നിവേദനം സമർപ്പിച്ചു. കൂടാതെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്ന നിലയിൽ ശ്രീ. സാബുക്കുട്ടൻ നായർ നടത്തിയ പ്രവർത്തനങ്ങൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും ടിയാന്റെ മുൻകാല പ്രവർത്തനങ്ങൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ടിയാന് ഗുഡ് സർവ്വീസ് എൻട്രി നൽകണമെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടറും ശുപാർശ ചെയ്തു.

കേരള ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നിവേദനവും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയും സർക്കാർ വിശദമായി പരിശോധിച്ചു. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്ന നിലയിൽ ശ്രീ. സാബുക്കുട്ടൻ നായർ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ പ്രശംസനീയവും ആദരവർഹിക്കുന്നതും പ്രോത്സാഹനർഹവുമാണ്. ബഹു. പഞ്ചായത്തും സാമൂഹ്യനിതീയും വകുപ്പ് മന്ത്രി ടിയാളെ പുരസ്കാരം നൽകി ആദരിച്ചിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ, ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ശ്രീ. കെ. പി. സാബുക്കുട്ടൻ നായർക്ക് മികച്ച സേവനത്തിനുള്ള സദ്സേവനാ രേഖ (Good Service Entry) നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആഞ്ചലോസ്. ജി,**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. കെ. പി. സാബുക്കുട്ടൻ നായർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശൂർ.
3. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്.
4. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ.*

*Web & New Media, South Block, Govt. Secretariat, Tvpm.*
*(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*